**മേലെഴുത്ത് നമ്പർ: DTETVM/388/2025-EA2 (EA)** **തീയതി: 24-06-2025**

---

സൂചന: സർക്കാർ ഉത്തരവ് നമ്പർ: സ.ഉ.(സാധാ) നം.**762/2025/HEDN** തീയതി: **16.06.2025**

സൂചനയിലെ സർക്കാർ ഉത്തരവ് ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും, സ്ഥാപനമേധാവിമാരുടെയും അറിവിലേക്കായി നൽകുന്നു.

**JAYAPRAKASH P**
**DIRECTOR(INCHARGE)**

Signed by
Jayaprakash P
Date: 24-06-2025 13:27:29

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം- വിജ്ഞാന കേരളം പദ്ധതി-സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ജോലി നോക്കി വരുന്ന അദ്ധ്യാപകർക്ക് വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാന/ജില്ലാതല അക്കാദമിക് കോർഡിനേറ്റർമാരായി പ്രവർത്തിക്കുവാനുള്ള അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.762/2025/HEDN തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-12-2024സ.ഉ.(കൈ) നം.179/2024/LSGD നം. ഉത്തരവ്
2. ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി, ബഹു. പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി എന്നിവരുടെ അധ്യക്ഷതയിൽ 16.01.2025-ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
3. ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി അധ്യാപക സംഘടന നേതാക്കളുമായി 06.02.2025-ന് നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്
4. 02.05.2025-ന് നടന്ന വിജ്ഞാന കേരളം കോർഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്
5. 31.05.2025-ലെ കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 1767/2025/കെഡിസ്ക്/ക-127 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ കണ്ടെത്തി അനുയോജ്യമായ തൊഴിലവസരങ്ങൾ മുന്നോട്ടു വയ്ക്കുന്നതിനും, അതോടൊപ്പം കാലികപ്രസക്തമായ തൊഴിലുകളിൽ ഏർപ്പെടുന്നതിനാവശ്യമായി അവരുടെ നൈപുണി വികസിപ്പിച്ചെടുക്കുന്നതിലും ഊന്നൽ നൽകി, കേരള ഡെവലപ്പ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) മുഖേന പൊതുജന പങ്കാളിത്തത്തോടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും സാക്ഷാത്കരിക്കുന്നതിന് പരാമർശം (1) പ്രകാരം ആസൂത്രണം ചെയ്തിട്ടുള്ള പരിപാടിയാണ് വിജ്ഞാന കേരളം.

2. തൊഴിൽദാതാക്കളിൽ നിന്നും തൊഴിലവസരങ്ങൾ സമാഹരിച്ച് കേരളത്തിലെ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി തൊഴിൽമേളകൾ സംഘടിപ്പിക്കുകയും അതോടൊപ്പം, എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക്, ഐറ്റിഐ, മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അവസാനവർഷ വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും നൈപുണി പരിശീലനം നൽകി അവരെ തൊഴിലിന് പ്രാപ്തമാക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് വിജ്ഞാനകേരളം പരിപാടിയിലൂടെ നടപ്പാക്കുന്നത്.

3. പരാമർശം (2) പ്രകാരം നടന്ന യോഗത്തിൽ വിജ്ഞാന കേരളം ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും തൊഴിൽ വകുപ്പും യോജിച്ച് പ്രവർത്തിക്കണമെന്ന് തീരുമാനിച്ചിരുന്നു. പരാമർശം (3) പ്രകാരം നടന്ന യോഗത്തിൽ തൊഴിലന്വേഷകർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി നിലവിൽ പ്രൊഫഷണലുകളായി വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഒരു കൂട്ടായ്മ സൃഷ്ടിക്കുന്നതിന്റെ പ്രാധാന്യം ചർച്ചചെയ്യുകയുണ്ടായി. തുടർന്ന് സാങ്കേതിക മേഖലയിൽ അധ്യാപക കോർഡിനേറ്റർമാരെ അടിയന്തിരമായി നിയോഗിക്കണമെന്ന് പരാമർശം (4 ) പ്രകാരം നടന്ന വിജ്ഞാന കേരളം കോർഗ്രൂപ്പ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

4. വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായ നൈപുണ്യപരിശീലന പരിപാടികൾ ഫലപ്രദമായി നടത്തുന്നതിന്, കമ്മ്യൂണിറ്റി അധിഷ്ഠിത മെന്റർമാരെ കണ്ടെത്തുന്നതിനും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അവസാന വർഷ വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി, അവരെ നൈപുണിപരിശീലനത്തിലേക്കെത്തിച്ച് നവലോകത്തിന് ആവശ്യമായ തൊഴിലിന് സജ്ജരാക്കുന്നതിനും വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പരിചയസമ്പന്നരായ അദ്ധ്യാപകർക്ക് വലിയ സംഭാവന നൽകാൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിൽ, സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന അദ്ധ്യാപകർക്ക് സന്നദ്ധ സേവനാടിസ്ഥാനത്തിൽ, നിലവിലെ ഔദ്യോഗിക കൃത്യ നിർവഹണത്തിന് ഭംഗം വരാത്ത രീതിയിൽ, അവർ നിർവഹിക്കുന്ന ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് അർഹമായ യാത്രാബത്ത നൽകുമെന്ന വ്യവസ്ഥയോടെ വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാന/ജില്ലാതല അക്കാദമിക് കോർഡിനേറ്റർമാരായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം കെ-ഡിസ്ക് മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായി അക്കാദമിക് കോർഡിനേറ്ററായി പ്രവർത്തിക്കുവാൻ ടി അദ്ധ്യാപകർ സമ്മതപത്രം ലഭ്യമാക്കിയിട്ടുമുണ്ട്.

I. **<u>സംസ്ഥാനതല അക്കാദമിക് കോർഡിനേറ്റർ</u>**

| നം. | പേര് | തസ്തിക | സ്ഥാപനം |
|---|---|---|---|
| 1 | ഡോ.സുമേഷ് ദിവാകരൻ | പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, ഡീൻ (റിസർച്ച്) | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം. |

–

**<u>2. ജില്ലാതല അക്കാദമിക് കോർഡിനേറ്റർമാർ</u>**

| നം. | പേര് | തസ്തിക | സ്ഥാപനം | സേവനമനുഷ്ഠിക്കേണ്ട ജില്ല |
|---|---|---|---|---|
| 1 | മനോജ് പി എസ് | വകുപ്പ് മേധാവി, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് | സെൻട്രൽ പോളിടെക്നിക് ക | തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| | | | കോളേജ്, തിരുവനന്തപുരം | |
| 2 | കണ്ണൻ എം | ലക്ചറർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് | എഴുകോൺ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, എഴുകോൺ | കൊല്ലം |
| 3 | ഡോ.സിശാന്ത് കെ.എസ് | ലക്ചറർ, പോളിമർ ടെക്നോളജി | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, അടൂർ | പത്തനംതിട്ട |
| 4 | ഡോ. എബിൻ എം. മാനുവൽ<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | കോട്ടയം |
| 5 | ഹിബ ഫാത്തിമ ഇബ്രാഹിം | ലക്ചറർ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ് മാനേജ്മെന്റ് | ഗവൺമെന്റ് പോളിടെക്നിക് കോളേജ്. വണ്ടിപ്പെരിയാർ | ഇടുക്കി |
| 6 | ശ്രീരാജ് കെ.പി. | ലക്ചറർ, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | പോളിടെക്നിക് കോളേജ്, കടുത്തുരുത്തി | എറണാകുളം |
| 7 | ഡോ. ഗിലേഷ് എം.പി | പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂര് | തൃശ്ശൂര് |
| 8 | അബ്ദുൾ ഷുക്കൂർ .പി | ലക്ചറർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ. | മലപ്പുറം |
| 9 | എം. എം. ഷറഫുദ്ധീൻ | ലക്ചറർ, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | ഗവണ്മെന്റ് പോളിടെക്നിക് ക | പാലക്കാട് |

| | | | | |
|---|---|---|---|---|
| | | | കോളേജ്, ഷൊർണൂർ | |
| 10 | ഡോ.മുഹമ്മദ് ഫാസിൽ. സി | അസിസ്റ്റന്റ് പ്രൊഫസർ<br>അപ്ലൈഡ് ഇലക്ട്രോണിക്സ് &ഇൻസ്ട്രുമെന്റേഷൻ | ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | കോഴിക്കോട് |
| 11 | ആനന്ദ് കൃഷ്ണൻ. ടി | ലക്ചറർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, മീനങ്ങാടി | വയനാട് |
| 12 | സച്ചിൻരാജ് പി.വി | ലക്ചറർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് | ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, കാസർഗോഡ് | കാസർഗോഡ് |

5. വിവിധ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, അദ്ധ്യാപകവൃത്തിയിൽ നിന്നും വിരമിച്ചവർ, മറ്റ് പ്രൊഫഷണലുകൾ, കൂടാതെ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നവർ, ഗവേഷണം നടത്തുന്നവർ, വിദഗ്ധ തൊഴിൽമേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന പ്രൊഫഷണലുകൾ, വിവിധ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവരെ കണ്ടെത്തുന്നതിന് അക്കാദമിക് കോർഡിനേറ്റർമാരെ ഉപയോഗപ്പെടുത്താവുന്നതാണെന്നും അത്തരത്തിൽ അതിവിപുലമായ പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റേഴ്സിന്റെ ഒരു സേനയുണ്ടാക്കേണ്ടുന്നത് വിജ്ഞാനകേരളം പരിപാടിയുടെ പ്രവർത്തന മുന്നേറ്റത്തിന് അനിവാര്യമാണെന്നും കെ-ഡിസ്ക് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി നോക്കി വരുന്ന മേൽ പട്ടികകളിൽ പരാമർശിച്ചിരിക്കുന്ന അധ്യാപകർക്ക് സന്നദ്ധ സേവനാടിസ്ഥാനത്തിൽ, നിലവിലെ ഔദ്യോഗിക കൃത്യ നിർവഹണത്തിന് ഭംഗം വരാത്ത രീതിയിൽ, അവർ ഏറ്റെടുക്കുന്ന ഔദ്യോഗിക പ്രവർത്തനങ്ങൾക്ക് അനുവദനീയമായ യാത്രാബത്തയോടു കൂടി വിജ്ഞാനകേരളം പരിപാടിയുടെ ഭാഗമായി സംസ്ഥാന/ജില്ലാതല അക്കാദമിക് കോർഡിനേറ്റർമാരായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

1. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

മുഖാന്തിരം)

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ആഡിറ്റ് -I & II), കേരള, തിരുവനന്തപുരം
5. മെമ്പർ സെക്രട്ടറി, കെ -ഡിസ്ക്, തിരുവനന്തപുരം
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. ആസൂത്രണ സാമ്പത്തിക കാര്യ (എ/ഡി) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sobha D

Date: 16-06-2025 16:39:45

സെക്ഷൻ ഓഫീസർ

പകർപ്പ് :- 1. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്

2. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
3. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
5. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
6. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്